ഒരു ആര്യസമാജം പ്രസിദ്ധീകരണം
Date of Publication 10/11/2018
RNI NO. KERMAL /2013/53849
REGISTERED NO. OTTAPALAM/5/2017-19

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ

1. സത്യാർത്ഥപ്രകാശം (മലയാളം പരിഭാഷ)
   – മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ – ₹ 250.00.
2. സന്ധ്യോപാസനയും അഗ്നിഹോത്രവും
   – മഹർഷി ദയാനന്ദസരസ്വതി. സമാഹരണം: കെ.എം. രാജൻ – ₹ 60.00
3. വൈദിക ധർമ്മ ആര്യസമാജപ്രശ്നോത്തരി
   പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി.
   തർജ്ജമ : കെ.എം.രാജൻ – ₹ 40.00
4. ആര്യസമാജം എന്ത്? എന്തിന്? – ലത രാജൻ – ₹ 10.00
5. സത്യാർത്ഥ പ്രകാശം നൽകുന്ന സന്ദേശം – കെ.എം.രാജൻ – ₹ 10.00
6. വൈദിക നിത്യകർമ്മവിധി – കെ.എം.രാജൻ – ₹ 20.00
   (പോസ്റ്റേജ് ചെലവ് പുറമെ)

## അച്ചടിയിലുള്ളവ

1. വേദാന്തിധ്വാന്ത നിവാരണം – മഹർഷിദയാനന്ദ സരസ്വതി, തർജ്ജമ : കെ.എം.രാജൻ
2. ഉപദേശമഞ്ജരി അഥവാ പൂനാ പ്രവചനം – മഹർഷി ദയാനന്ദ സരസ്വതി, തർജ്ജമ. കെ.എം.രാജൻ
3. ആര്യോദ്ദേശ്യ രത്നമാല – മഹർഷി ദയാനന്ദ സരസ്വതി, തർജ്ജമ. കെ.എം.രാജൻ
4. സംശയനിവാരിണി – ശ്രീ.മദൻ രഹേജ, തർജ്ജമ : സുരി
5. ദ്രൗപദിയും പഞ്ചപതികളും – അമർസ്വാമി സരസ്വതി, തർജ്ജമ : കെ.എം.രാജൻ
6. യോഗദർശനം (മഹർഷി വ്യാസഭാഷ്യസഹിതം) – സ്വാമി സത്യപതി പരിവ്രാജക്, തർജ്ജമ. കെ.എം.രാജൻ
7. വേദങ്ങളെ അറിയുക – ഡോ.വിവേക് ആര്യ, തർജ്ജമ: കെ.എം.രാജൻ
8. വേദ പ്രകാശം പാഠാവലി – കെ.എം.രാജൻ
9. മഹർഷി ദയാനന്ദ സരസ്വതി (ജീവചരിത്രം) – കെ.എം.രാജൻ
10. അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം – കെ.എം.രാജൻ
11. ശത്രുവോ? മിത്രമോ? – കെ.എം.രാജൻ
12. പുരാണങ്ങൾ സത്യവും മിഥ്യയും – കെ.എം.രാജൻ
13. ശിവസങ്കല്പം – കെ.എം.രാജൻ

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*

*Email: dayanandasandesam@gmail.com* *Phone: 09562529095*



ओ३म्

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം
**വൈദിക–ദാർശനിക മാസിക**
**DAYANANDA SANDESAM**
ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!




പുസ്തകം : 7 ലക്കം 5

സൃഷ്ടി സംവത്സരം 1972949120 കലിവർഷം 5120 കാർത്തിക – മാർഗ്ഗശീർഷ
1194 തുലാം – വൃശ്ചികം 2018 നവംബർ

വാർഷിക വരിസംഖ്യ: ₹ 100/- ദീർഘകാലം: ₹1500/-



## ഗുരു തേജ്ബഹാദൂർ (1621 – 1675)

### ഭാരത ചരിത്രത്തിൽ ഈ മാസം ഓർക്കേണ്ട പ്രധാന ദിനങ്ങൾ

| | | |
|---|---|---|
| നവംബർ | 4 : | ഭായ്പരമാനന്ദ് ജന്മദിനം |
| നവംബർ | 11 : | ഗുരു തേജ്ബഹാദൂർ രക്തസാക്ഷിദിനം |
| നവംബർ | 15 : | മഹാത്മാ ഹൻസ്രാജ് നിർവ്വാണദിനം |
| നവംബർ | 17 : | ലാലാ ലജ്പത്റായ് നിർവ്വാണദിനം |
| നവംബർ | 30 : | പഴശ്ശിരാജ രക്തസാക്ഷിദിനം |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! "*

# വേദാദ്ധ്യയനം

(മുൻലക്കത്തിന്റെ തുടർച്ച)



**മധുഛന്ദാ ഋഷിഃ ഇന്ദ്രോദേവതാ നിച്യൃത് ഗായത്രീഛന്ദഃ ഷഡ്ജഃ സ്വരഃ**

ഏവാ ഹ്യസ്യ സൂനൃതാ വിരപ്ശീ ഗോമതീ മഹി।
പക്വാ ശാഖാ ന ദാശുഷേ॥ (ഋഗ്വേദം 1.8.8)

**പദാർത്ഥം:** (പക്വാ ശാഖാ ന) ഏങ്ങനെയാണോ മാവ്, പ്ലാവ് തുടങ്ങിയ വൃക്ഷങ്ങളിലെ പഴങ്ങൾ പാകം വന്ന് പ്രാണികൾക്ക് സുഖം നൽകുന്നവയായിത്തീരുന്നത്, (അസ്യഹി) അതേപോലെ ഈ പരമേശ്വരന്റെ (ഗോമതീ) ആർക്കാണോ വളരെയധികം പണ്ഡിതന്മാർ സേവനം ചെയ്യുന്നത് (സുനൃതാ) പ്രിയമാർന്നതും സത്യവചനങ്ങളുമായവ പ്രകാശനം ചെയ്യുന്നവർ (വിരപ്ശീ) മഹാവിദ്യായുക്തനും (മഹീ) എല്ലാവരേയും സൽക്കരിക്കാൻ യോഗ്യമായ നാലുവേദങ്ങളിലേയും വാണി അത് (ദാശുഷേ) പഠിക്കാൻ മനസ്സു നൽകുന്നവർക്ക് എല്ലാവിദ്യകളുടേയും പ്രകാശം ചെയ്യാൻ പറ്റുന്നതാണ്.

അതേപോലെ (അസ്യഹി) എങ്ങനെയാണോ സൂര്യലോകത്ത് (ഗോമതീ) ഉത്തമമനുഷ്യരുടെ സേവനം ചെയ്യാൻ യോഗ്യമായ (സുനൃത) പ്രീതിയുണ്ടാക്കുന്ന പദാർത്ഥങ്ങളെ ഉല്പാദിപ്പിക്കുന്നവനായ (വിരപ്ശീ) വലിയതിൽ വലുതായ (മഹീ) വലിയ ഗുണയുക്തമായ പ്രകാശമുള്ളത് അതേപോലെ വേദവാണി (ദാശുഷേ) രാജ്യകർമ്മത്തിൽ ശ്രദ്ധിക്കുന്നവർക്ക് രാജ്യപ്രാപ്തിക്ക് സുഖം നൽകുന്നതായിത്തീരുന്നു.

**ഭാവാർത്ഥം:** ഈ മന്ത്രത്തിൽ ഉപമാലങ്കാരമാണ്. എങ്ങനെയാണോ വിവിധ ഫലപുഷ്പങ്ങളാൽ നിറഞ്ഞ മാവ്, പ്ലാവ് തുടങ്ങിയ വൃക്ഷങ്ങൾ നാനാപ്രകാരത്തിലുള്ള പഴങ്ങളെ നൽകി സുഖം നൽകുന്നവയായിത്തീർന്ന് സർവ്വ മനുഷ്യർക്കും പരമാനന്ദത്തെ നൽകുന്നവയായിത്തീരുന്നത്. ആരാണോ ഇവ പഠിച്ച് ധർമ്മാത്മക്കളായിത്തീരുന്നത് അവർ മാത്രമാണ് വേദങ്ങൾ പ്രകാശിപ്പിച്ച് രാജ്യം ഭരിക്കാൻ സാമർത്ഥ്യമുള്ളവരായിത്തീരുന്നത്.

**(മഹർഷി ദയാനന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന്**

**തർജ്ജമ : കെ.എം.രാജൻ)**

## ദയാനന്ദസന്ദേശം വരിസംഖ്യ പുതുക്കുക

ദയാനന്ദസന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം അത് പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കാൻ അഭ്യർത്ഥിക്കുന്നു. വാർഷികവരിസംഖ്യ 100 രൂപ. ദീർഘകാലം 1500/- രൂപ. വരിസംഖ്യ അയക്കേണ്ട **വിലാസം: വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം, ആര്യസമാജം, വെള്ളിനേഴി പി. ഒ., പാലക്കാട് – 679 504**

***ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)***
***ഈ ജഗത് മുഴുവനും ഈശ്വരമയമാണ്***



ഒരു ആര്യസമാജം പ്രസിദ്ധീകരണം
ദയാനന്ദസന്ദേശം

# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## വേദഗുരുകുലം മൂന്നാം വാർഷികോത്സവും കേരള ആര്യസമ്മേളനവും

കാറൽമണ്ണ വേദഗുരുകുലത്തിന്റെ മൂന്നാം വാർഷികോത്സവം ഡിസംബർ 23ന് (സ്വാമി ശ്രദ്ധാനന്ദ് ബലിദാനദിനം) വിവിധ പരിപാടികളോടെ സമുചിതമായി ആഘോഷിക്കുന്നു. ആര്യജഗത്തിലെ ഉന്നതസന്യാസിവര്യന്മാരും ആര്യനേതാക്കളും ചടങ്ങിൽ സംബന്ധിക്കുന്നുണ്ട്. ഇതോടനുബന്ധിച്ച് കേരളത്തിലെ ആര്യസമാജപ്രവർത്തകരുടെ ഒരു സമ്മേളനവും നടക്കുന്നു. പത്തോളം വൈദികസാഹിത്യങ്ങളുടെ പ്രകാശനവും ഈ വാർഷികോത്സവത്തിൽ വെച്ചു നടക്കുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക : 79070777891, 9562529095



## ജ്യോതിഷ ശില്പശാല നടത്തി

കാറൽമണ്ണ വേദഗുരുകുലത്തിൽ വെച്ച് വൈദികജ്യോതിഷത്തെ അടിസ്ഥാനമാക്കിയുള്ള ഒരു ശില്പശാല ഒക്ടോബർ 2ന് നടന്നു. കാനഡസ്വദേശിയായ ശ്രീ. അശ്വിനി കുമാർ രാജ്പാൽജിയാണ് ശില്പശാല നയിച്ചത്.

## കാറൽമണ്ണ വേദഗുരുകുലത്തിലേക്ക് പ്രവേശനമാരംഭിച്ചു

കാറൽമണ്ണ വേദഗുരുകുലത്തിൽ 2019 ഏപ്രിൽ 6ന് (യുഗാബ്ദം 512, ചൈത്രശുക്ല പ്രതിപദ) ആരംഭിയ്ക്കുന്ന പുതിയ അധ്യയനവർഷത്തേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. 6, 7, 11 ക്ലാസ്സുകളിലേക്കാണ് പ്രവേശനം. വേദപഠനത്തോടൊപ്പം ആധുനിക വിദ്യാഭ്യാസവും നൽകുന്നതാണ്. പ്രവേശനപരീക്ഷ, മുഖാമുഖം എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം. പഠനം, താമസം എന്നിവ സൗജന്യമായിരിക്കും. പഠനകാലത്ത് ബ്രഹ്മചാരികൾ (വിദ്യാർത്ഥികൾ) പൂർണ്ണ സമയവും ഗുരുകുലത്തിൽ തന്നെതാമസിക്കണം. സ്ഥലപരിമിതിമൂലം യോഗ്യരായ ഏതാനും വിദ്യാർത്ഥികൾക്കു മാത്രമേ പ്രവേശനം നൽകാനാവുകയുള്ളു. താല്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക – 7907077891, 9562529095

***ഛിദ്രം വൃണ (യജുർവ്വേദം 12.54)***
***തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും***

ആര്യവീർദളം - ബാലപംക്തി *(മുൻ ലക്കത്തിന്റെ തുടർച്ച)*

**ആര്യവീരഗാഥ - 2**

# അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം

കെ.എം.രാജൻ



**ഈ** വിവരം ആരോ കത്തുമുഖേന ലേഖ്റാമിനയച്ചുകൊടുത്തു. ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോഴാണ് ലേഖ്റാമിന് ഈ കത്ത് കിട്ടിയത്. അപ്പോൾ തന്നെ അദ്ദേഹം ആ കത്ത് തുറന്നുവായിച്ചു. ഒരു കുതിരവണ്ടി വിളിച്ചുവരുത്തി ഉടൻ തന്നെ അദ്ദേഹം യാത്രയ്ക്ക് തയ്യാറായി. അദ്ദേഹത്തിന്റെ വൃദ്ധയായ അമ്മയും പത്നിയും ലേഖ്റാമിന്റെ ഏകമകൻ രോഗാവസ്ഥയിലാണെന്നും ഉടൻ കുട്ടിക്ക് വേണ്ടുന്ന ചികിൽസകൾ നടത്തണമെന്നും പറഞ്ഞു. എന്നാൽ വളരെ അത്യാവശ്യമായി തനിക്കൊരിടം വരെ പോകേണ്ടതുണ്ട് എന്ന് പറഞ്ഞദ്ദേഹം യാത്രയായി. തന്റെ ഒരു പുത്രൻ മരിച്ചുപോയാലും ഹിന്ദുജാതിയിലുള്ള ആയിരം മക്കളെ തനിക്ക് രക്ഷിക്കേണ്ടതുണ്ട് എന്നദ്ദേഹം ആത്മഗതം ചെയ്തു. യാത്രാമധ്യേ തന്റെ ഏകമകൻ രോഗം മൂലം മരിച്ചതായുള്ള വാർത്ത അദ്ദേഹത്തിനു ലഭിച്ചു. പണ്ഡിറ്റ് ലേഖ്റാം നിശ്ചിതസ്ഥലത്ത് എത്തിയപ്പോൾ അവിടെ ധാരാളം മൗലവിമാർ എത്തിയിരുന്നു. ജമീന്ദാർ തന്റെ നിരവധി അനുയായികളുമായി ഇസ്ലാം സ്വീകരിക്കാൻ തയ്യാറെടുക്കുകയായിരുന്നു. പണ്ഡിറ്റ് ലേഖ്റാമിന്റെ വേഷഭൂഷാദികളും ഒരു മൗലവിയുടേതിനു സമാനമായിരുന്നു. അദ്ദേഹത്തിന് വലിയ മീശയും ചെറിയ താടിയുമാണുണ്ടായിരുന്നത് എന്നതായിരുന്നു ചെറിയ വ്യത്യാസം. ലേഖ്റാമും ഒരു മൗലവിയായിരിക്കുമെന്ന് കരുതി ഒരു മൗലവി അദ്ദേഹത്തോട് തമാശാ രൂപത്തിൽ ചോദിച്ചു അല്ലയോ മൌലവി സാഹബ്! താങ്കളുടെ മീശ വളരെ വലുതാണല്ലോ? ഉടൻതന്നെ ലേഖ്റാമിൽനിന്നും ഉരുളയ്ക്കുപ്പേരിപോലുള്ള മറുപടി വന്നു. സിംഹങ്ങൾക്ക് മീശയാണുണ്ടാവുക. താടിയുണ്ടാവുക ആടുകൾക്കാണ്. തുടർന്നദ്ദേഹം അവിടെ സന്നിഹിതരായിരുന്നു മൗലവിമാരുമായി ഒരു മണിക്കൂറോളം ശാസ്ത്രാർത്ഥം നടത്തി. ലേഖ്റാമിനെ ഖണ്ഡിക്കുവാനവർക്കാർക്കുമായില്ല. അൽപ്പസമയത്തിനുശേഷം അവരെല്ലാം സ്ഥലം വിട്ടു. പണ്ഡിറ്റ് ലേഖ്റാം കുറച്ചുദിവസം അവിടെ താമസിച്ച് പ്രചാരണം നടത്തി. അനേകം കർഷകരെ ഇസ്ലാമിലേക്ക് മതം മാറുന്നതിൽനിന്നും രക്ഷപ്പെടുത്തി. യജ്ഞോപവീതം നൽകി അവരെ വേദാമൃതം പാനം ചെയ്യിച്ചു.

(തുടരും)

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*
*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*





# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക-ദാർശനിക മാസിക**

പുസ്തകം : 7 ലക്കം 5

സൃഷ്ടി സംവത്സരം 1972949120 കലിവർഷം 5120 കാർത്തിക - മാർഗ്ഗശീർഷ
1194 തുലാം - വൃശ്ചികം 2018 നവംബർ

**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**

**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| ഉപദേശമഞ്ജരി | : | 6 |
| പുരാണങ്ങൾ:സത്യവും മിഥ്യയും | : | 7 |
| ദ്രൗപദിയും പഞ്ചപതികളും | : | 8 |
| ജീവിതം ഒരലയാഴി | : | 9 |
| യോഗദർശനം | : | 10 |
| സംശയനിവാരിണി | : | 11 |
| വ്യവഹാര ഭാനുഃ | : | 12 |
| വേദങ്ങളെ അറിയുക | : | 13 |
| അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം | : | 14 |



**വിലാസം**

**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് - 679 504**
**Ph:7907077891, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.aryasmajkerala.org.in**

## മുഖവാണി

### ആരാണ് ഈശ്വരൻ?

(തുടർച്ച)



ചില വിഭാഗക്കാർ സത്യപ്രതിജ്ഞ ചെയ്യുന്നതിൽ വിശ്വസിക്കുന്നവരാണ്. അവരുടെ ദൈവവും തങ്ങളുടെ പക്ഷം ശരിയാണെന്ന് ബോധിപ്പിക്കാൻ സത്യം ചെയ്യുന്നതായി കാണാം. ഒരു പ്രാവശ്യം മാത്രമല്ല, പല പ്രാവശ്യം അവർ സത്യം ചെയ്യുന്നതായി അവരുടെ മതഗ്രന്ഥങ്ങളിൽ നോക്കിയാൽ അറിയാൻ കഴിയും. ചില സമുദായങ്ങളിൽപ്പെട്ടവർ ഈശ്വരനെ തങ്ങളെപ്പോലുള്ള മനുഷ്യസഹജമായ വികാരങ്ങളുള്ളവനായി ചിത്രീകരിക്കുന്നു. കോപിക്കുക, യുദ്ധം ചെയ്യുക, താൻ ചെയ്തുപോയ തെറ്റുകളിൽ പശ്ചാത്തപിക്കുക എന്നിങ്ങനെയുള്ള മാനുഷിക സ്വഭാവങ്ങൾ അവരുടെ ദൈവവും ചെയ്യുന്നതായി

*അഗ്നിനാഗ്നിഃ സമിധ്യതെ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

വർണ്ണിക്കുന്നു.

വേറൊരു വിഭാഗക്കാർ ഒരു പടികൂടികടന്ന് പാപികളെ നശിപ്പിക്കാനായി ഈശ്വരൻ ശരീരധാരണം ചെയ്യുന്നുവെന്നുകൂടി പറയുന്നു. ഭാര്യയും മക്കളുമൊക്കെയുള്ള ദൈവമാണത്. ചിലരുടെ സങ്കൽപ്പമനുസരിച്ച് ഈശ്വരൻ മാനുഷികവികാരങ്ങൾക്കടിമപ്പെട്ട് രാസലീലകൾ ആടുകയും നൃത്തം വെക്കുകയും ചെയ്യുന്നവനാണ്. അദ്ദേഹത്തിന്റെ രൂപവും ഭാവവും വസ്ത്രാഭരണാദികളും സ്ത്രീകളെ ആകർഷിക്കുന്നതാണ്.

മനുഷ്യരുടെ അറിവില്ലായ്മയാണ് ഇത്തരം വിശ്വാസങ്ങൾക്ക് കാരണം. നമ്മുടെ ദൈനംദിന ജീവിതത്തിൽ നമ്മേക്കാൾ യോഗ്യരും സമാദരണീയരുമായവരെയാണ് നാം അംഗീകരിക്കുകയും അവരുടെ മാർഗ്ഗദർശനമാണ് നാം സ്വീകരിക്കുകയും ചെയ്യുക. അപ്പോൾ ഈശ്വരൻ തീർച്ചയായും നമ്മേക്കാൾ വളരെയധികം ജ്ഞാനിയും ശക്തിശാലിയും സദ്ഗുണസമ്പന്നനുമാവണം.

ഇവിടെ ഉദിക്കുന്ന ഒരു പ്രധാന പ്രശ്നം ഏതിന്റെ ആധാരത്തിലാണ് നാം ഈശ്വരനെ നിർണ്ണയിക്കുക എന്നതാണ്. ആര് നമുക്കിത് പറഞ്ഞുതരും? ഒരു വ്യക്തിയേക്കുറിച്ചു നല്ലവണ്ണം അറിയുന്നവനുമാത്രമേ മറ്റൊരാൾക്ക് അദ്ദേഹത്തെപ്പറ്റി വിവരിച്ചു കൊടുക്കാനാവുകയുള്ളു.

മനുഷ്യന്റെ ഗ്രന്ഥശേഖരത്തിലെ ഏറ്റവും പ്രാചീനമായ പുസ്തകം വേദങ്ങളാണെന്ന് പരക്കെ അംഗീകരിച്ചു കഴിഞ്ഞതാണ്. വേദങ്ങളിൽകൂടി വികസിച്ചുവന്ന വൈദികധർമ്മം തന്നെയാണ് ഈശ്വര സങ്കൽപ്പത്തെകുറിച്ച് ആദ്യം ചിന്തിച്ചത്. ഒരു വ്യക്തിയുടെ ആദ്യത്തെ പുത്രൻ അല്ലെങ്കിൽ പുത്രിയായിരിക്കും ആ വ്യക്തിയേക്കുറിച്ച് ആദ്യം നേരിട്ട് കണ്ട് അറിയുന്നത് അതിനുതാഴെ വരുന്ന സഹോദരങ്ങൾ പിന്നീടാണല്ലോ പിതാവിനെക്കുറിച്ചറിയുക.

(തുടരും)
**പത്രാധിപർ**





***(മുൻ ലക്കത്തിന്റെ തുടർച്ച)***

# വേദങ്ങളെ അറിയുക

**ഡോ. വിവേക് ആര്യ**
**തർജ്ജമ: കെ.എം. രാജൻ**

## അദ്ധ്യായം 2 — വേദവും ശൂദ്രനും

6. ധൃഷ്ടൻ നാഭാഗന്റെ പുത്രനായിരുന്നു. എന്നാലദ്ദേഹം ബ്രാഹ്മണനായിത്തീർന്നു. അദ്ദേഹത്തിന്റെ പുത്രൻ ക്ഷത്രിയവർണം സ്വീകരിച്ചു. (വിഷ്ണുപുരാണം 4.2.2).
7. തുടർന്നദ്ദേഹത്തിന്റെ വംശത്തിൽ പലരും ബ്രാഹ്മണരായിത്തീർന്നു. (വിഷ്ണുപുരാണം 4.2.2)
8. ഭാഗവതമനുസരിച്ച് രാജപുത്രനായ അഗ്നിവേശൻ ബ്രാഹ്മണനായിത്തീർന്നു.
9. വിഷ്ണുപുരാണവും ഭാഗവതപുരാണവും അനുസരിച്ച് രഥോതൻ ക്ഷത്രിയ വർണ്ണത്തിൽ നിന്ന് ബ്രാഹ്മണനായിത്തീർന്നു.
10. ഹാരിതൻ എന്ന ക്ഷത്രിയൻ ബ്രാഹ്മണനായിത്തീർന്നു.(വിഷ്ണുപുരാണം 4.3.5).
11. ക്ഷത്രിയ കുലത്തിൽ ജനിച്ച ശങ്കരൻ ബ്രാഹ്മണ്യം നേടി. വായുപുരാണം, വിഷ്ണുപുരാണം, ഹരിവംശപുരാണം എന്നിവയിൽ കർമ്മഭേദം മൂലം ശൗനക ഋഷിയുടെ പുത്രൻ ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നീ വർണ്ണങ്ങളായിത്തീർന്നതായി പറയുന്നുണ്ട്. ഋത്സമദൻ, ഗൃത്സമതി, വേദിതവ്യൻ എന്നിവരുടെ ഉദാഹരണങ്ങളും പറയുന്നുണ്ട്. (വിഷ്ണുപുരാണം 4.8.1).
12. ചണ്ഡാലപുത്രനായ മാതംഗൻ ബ്രാഹ്മണനായിത്തീർന്നു.(മഹാഭാരതം രാജധർമ്മം അദ്ധ്യായം 27).
13. പുലസ്ത്യഋഷിയുടെ പുത്രനായ രാവണൻ തന്റെ കർമ്മങ്ങളാൽ രാക്ഷസനായിത്തീർന്നു.
14. രാജാ രഘുവിന്റെ പുത്രൻ പ്രവൃദ്ധൻ രാക്ഷസനായിത്തീർന്നു.
15. ത്രിശങ്കു രാജാവായിരുന്നിട്ടുകൂടി കർമ്മങ്ങൾ മൂലം ചണ്ഡാളനായിത്തീർന്നു.
16. വിശ്വാമിത്രന്റെ പുത്രൻമാർ ശൂദ്രവർണ്ണം സ്വീകരിച്ചു. ക്ഷത്രിയനായിരുന്ന വിശ്വാമിത്രൻ ബ്രാഹ്മണത്വം നേടി.
17. വിദുരർ ദാസിപുത്രനായിട്ടുകൂടി ബ്രാഹ്മണനായിത്തീർന്നു. ഹസ്തിനാപുരി സാമ്രാജ്യത്തിന്റെ മന്ത്രിപദം അലങ്കരിക്കുകയും ചെയ്തു.

(തുടരും)

***ധർമ്മം ചര (തൈ. ഉ. 1.11.1)***
***ധർമ്മാചരണം ചെയ്യൂ !***



(മുൻ ലക്കത്തിന്റെ തുടർച്ച)

# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

**ചോദ്യം : ബ്രഹ്മചര്യത്തിന്റെ നിയമങ്ങളെന്തെല്ലാമാണ്?**

**ഉത്തരം** : പുരുഷൻമാർ ഏറ്റവും ചുരുങ്ങിയത് ഇരുപത്തഞ്ചു വർഷംവരേയും കന്യകമാർ പരിനാറുവർഷം വരേയും ബ്രഹ്മചര്യം തീർച്ചയായും പരിപാലിക്കണം. നാൽപ്പത്തിയെട്ടുവർഷത്തിലധികം പുരുഷൻമാരും കന്യകമാർ ഇരുപത്തിനാലുവർഷത്തിലധികമായും ബ്രഹ്മചര്യമനുഷ്ഠിക്കരുത്. എന്തെന്നാൽ തുടർന്നുള്ളത് ഗൃഹസ്ഥാശ്രമ സമയമാണ്.

**ചോദ്യം (പ്രമാദിയായ വ്യക്തി പറയുന്നത്)** : കന്യകമാർ പഠിക്കുന്നത് ശാസ്ത്രോക്തമല്ല. അവർ പഠിച്ചു കഴിഞ്ഞാൽ വിഢ്ഢിയായ ഭർത്താവിനെ അപമാനിച്ച് അന്യപുരുഷൻമാർക്ക് കത്തുകളും മറ്റുമെഴുതി അവരെ പ്രീതിപ്പെടുത്തി വ്യഭിചാരത്തിനുമുതിരും.

**ഉത്തരം (സജ്ജനത്തിന്റേത്)** : നിങ്ങൾ പറയുന്നതിൽ നിന്നും മനസ്സിലാവുന്നത് പുരുഷൻമാരും പഠിക്കേണ്ട എന്നാണ്. അവരും പഠിച്ചുകഴിഞ്ഞാൽ വിഢ്ഢികളായ ഭാര്യമാരെ അപമാനിച്ച് അന്യസ്ത്രീകളുമായി സമ്പർക്കം പുലർത്തും.

**ചോദ്യം (പ്രമാദി)** : ശരി. പുരുഷൻമാരും പഠിക്കാതിരുന്നാൽ നല്ലതുതന്നെ. പഠിച്ചാൽ മറ്റുള്ളവരെ വഞ്ചിച്ച് അപമാനിച്ച് തൻകാര്യം നേടും.

**ഉത്തരം (സജ്ജനം)** : കേട്ടാലും! ഇത് പഠിക്കുന്നതിന്റെ ദോഷമല്ല. നിങ്ങളേപ്പോലുള്ളവരുമായി സംസർഗ്ഗം ചെയ്യുന്നതിന്റെ ദോഷമാണ്. പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത് ധർമ്മമാണ്. മറിച്ചു തോന്നുന്നത് മോശം കാരണങ്ങളാലാണ്. പഠിക്കുന്നതും പഠിപ്പിക്കുന്നതും നല്ലകാര്യങ്ങളാണെങ്കിൽ അത് എല്ലാവർക്കും ഉപകാരത്തിനായി ഭവിക്കും.

**ചോദ്യം** : പ്രമാണം കേട്ടാലും

**ബ്രഹ്മചര്യേണ കന്യാ യുവനാം വിന്ദതെ പതിമ്**

(അഥർവ്വവേദം കാണ്ഡം 11, അദ്ധ്യായം 3, സൂക്തം 5, മന്ത്രം 18)

(തുടരും)

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*







(മുൻ ലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

## അദ്ധ്യായം – 3 വേദനാംനിത്യത്വ വിചാരഃ

**സ**ർവ്വവിദ്യായുക്തമായ വേദങ്ങളല്ലാതെ മറ്റൊന്നും പരമേശ്വരൻ നിർമ്മിക്കില്ല. പരമേശ്വരനൊഴിച്ച് മറ്റൊരാളും സർവ്വവിദ്യായുക്തനായി ഇല്ല. അതിനാൽ പരമേശ്വരനാൽ നിർമ്മിച്ച വേദങ്ങളുടെ പഠനപാഠനങ്ങളും അനുഗ്രഹങ്ങളും കൊണ്ടുമാത്രമേ മനുഷ്യർക്ക് യഥാശക്തി വിദ്യയുടെ ബോധം ഉണ്ടാവുകയുള്ളു. മറ്റൊന്നുകൊണ്ടുമുണ്ടാവില്ല. ശങ്കരാചാര്യരും അങ്ങനെ പറഞ്ഞിട്ടുണ്ട്. വേദങ്ങൾ നിത്യമായതിനാൽ എല്ലാ ആര്യന്മാർക്കുമത് സാക്ഷിയാണ്. ഈശ്വരൻ നിത്യനും സർവ്വജ്ഞനും ആയതിനാൽ അദ്ദേഹത്താൽ നിർമ്മിതമായ വേദങ്ങളും നിത്യവും സർവ്വജ്ഞഗുണങ്ങളുമുള്ളതാകയാൽ യോഗ്യവുമാണ്. മറ്റുള്ളവരാൽ രചിക്കപ്പെട്ട ഗ്രന്ഥങ്ങൾ ഒരിക്കലും അത്തരത്തിലാവില്ല. (അത ഏവ) ആ സൂത്രത്തിൽനിന്നും സിദ്ധിക്കുന്നത് ഇതാണ്. വേദം നിത്യമാണ്. എല്ലാ സജ്ജനങ്ങളും അത്തരത്തിൽ കരുതുന്നതാണ് ഉചിതം. വേദങ്ങളുടെ പ്രമാണം നിത്യമായതിനാൽ അന്യശാസ്ത്രപ്രമാണങ്ങളെ സാക്ഷിക്കു തുല്യമായി അറിഞ്ഞാൽ മതി. എന്തെന്നാൽ വേദങ്ങൾ സ്വതഃ പ്രമാണമായതിനാൽ അവ നിത്യമാണ്. സൂര്യന്റെ പ്രകാശത്തിന് സൂര്യൻ തന്നെയാണ് പ്രമാണം. മറ്റൊന്നുമല്ല. എങ്ങനെയാണോ സൂര്യൻ സ്വപ്രകാശകനാവുന്നത് (വൈദിക യന്ത്രാലയത്തിൽ അച്ചടിച്ചതിൽ സൂര്യ പ്രകാശസ്വരൂപ് എന്ന പാഠമാണ് കാണുന്നത്) പർവ്വതങ്ങൾ മുതൽ ത്രസരേണുപര്യന്തമുള്ള പദാർത്ഥങ്ങൾക്കുപോലും പ്രകാശം നൽകുന്നത്, അതേപോലെ വേദങ്ങളും സ്വയം പ്രകാശകമാണ്. സർവ്വസത്യവിദ്യകളുടേയും പ്രകാശനം ചെയ്യുകയും ചെയ്യുന്നു.

അത ഏവസ്വയമീശ്വരഃ സ്വ പ്രകാശിതസ്യ വേദസ്യ സ്വസ്യ ച സിദ്ധികരം പ്രമാണമാഹ–

**സ പര്യഗാഛുക്രമകായമവ്രണമസ്നാവിരഃ, ശുദ്ധമപാപവിദ്ധമ്।കവിർ**
**മനീഷി പരിഭൂഃ സ്വയം ഭൂര്യാഥതഥ്യതോ $f$ ർഥാൻ**
**വ്യദധാച്ഛാശ്വതീഭ്യഃ സമാഭ്യഃ**

(യജുർവേദം 40.8)

**(തുടരും)**

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം




## പത്താംപ്രഭാഷണം

## ഇതിഹാസ വിഷയം

**ക**ഴിഞ്ഞ പ്രഭാഷണത്തിൽ സഗരരാജാവിന്റെ ദുഷ്ടനായ പുത്രന് എങ്ങനെയാണ് രാജാധികാരം കിട്ടാതിരുന്നതും കടുത്ത ശിക്ഷ ലഭിച്ചതെന്നും വിവരിക്കുകയുണ്ടായി. ഈ സഗര രാജാവിനെക്കുറിച്ച് നിരവധികഥകൾ അലാവുദ്ദീനു സമാനം പ്രചരിക്കുന്നുണ്ട്. ഒരേസമയം സഗരമഹാരാജാവിന് അറുപതിനായിരം പുത്രന്മാരുണ്ടായിരുന്നെന്നും അവർ സമുദ്രം ഇളക്കിമറിച്ചെന്നും അവരുടെ കൈകളും ശരീരവും വലിയതും ശക്തവുമായിരുന്നുവെന്നുമൊക്കെയുള്ള കഥകൾ ആര് വിശ്വസിക്കും? ഏതൊ വരദാനത്തിലാണവർക്ക് ഇത്തരം സിദ്ധികൾ ലഭിച്ചതെന്ന് ചിലർ പറയാം. വരദാനമെന്നാൽ ആശിർവാദം വാണീരൂപത്തിൽ പറയുന്നതാണ്. അങ്ങനെ വാക്കുകളാൽ പറയുന്നതുകൊണ്ട് മാത്രം ഒന്നു സംഭവിക്കുകയില്ല. ഉദാഹരണത്തിന് അഗ്നി എന്നുച്ചരിച്ചാൽ ചൂടും പ്രകാശവും ഉണ്ടാവില്ല. വാച്യ-വാചക സംബന്ധം മാത്രമേ ശബ്ദം കൊണ്ടുണ്ടാവൂ. ഇവയെല്ലാം വെറും വാചകകസർത്തുകൾ മാത്രമാണ്. ഇതിനൊക്കെ സമയവും ധനവും കളയുന്നത് വ്യർത്ഥമാണ്.

ഈ സഗരമഹാരാജാവിനുശേഷം ഉപരിചരനെന്നു പേരായ രാജാവുണ്ടായി. അദ്ദേഹം ആകാശസഞ്ചാരവിദ്യയിൽ (Aero dynamics) നിപുണനായിരുന്നു.

കൗഷീതക ബ്രാഹ്മണത്തിൽ നിരവധി ചക്രവർത്തിമാരെക്കുറിച്ച് പറയുന്നുണ്ട്.

അയോദ്ധ്യയിൽ ഋതുപർണ്ണനെന്ന രാജാവ് രാജ്യം ഭരിച്ചിരുന്നു. ദക്ഷിണ ദേശത്ത് രാജാ നളന്റ രാജ്യമുണ്ടായിരുന്നു. നളന്റെ റാണിയായ ദമയന്തിക്ക് തന്റെ പതിയുമായി വേർപെടേണ്ടിവന്നു. ദമയന്തി തന്റെ സ്വയംവര വിഷയത്തേക്കുറിച്ച് രണ്ടു ശ്ലോകങ്ങളുണ്ടാക്കി (അയോദ്ധ്യയിലെ രാജാവായിരുന്ന ഋതുപർണ്ണന് അയച്ചു.)

(തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ?= സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



**കാ**ലക്രമത്തിൽ ഈ ജ്ഞാനത്തെ വിദ്യയുടെ രൂപത്തിൽ എഴുതിസൂക്ഷിക്കുക എന്നത് പുണ്യാത്മാക്കളുടെ കർത്തവ്യമായിത്തീരുന്നു. വേദജ്ഞാനം ഇപ്രകാരം പുസ്തകരൂപത്തിൽ എപ്പോഴും ലഭ്യമാകുന്നു. ഋഗ്വേദത്തെ ഏറ്റവും പുരാതനമായ പുസ്തകമായി കണക്കാക്കുന്നു. ഇക്കാര്യത്തിൽ ആർക്കും തർക്കിക്കാൻ സാധ്യമല്ല. ഇപ്രകാരം യജുർവേദം, സാമവേദം, അഥർവവേദം എന്നിവയും പുസ്തകരൂപത്തിൽ ലഭ്യമാണ്. വേദങ്ങളിലുള്ള 20416 മന്ത്രങ്ങളും ഈശ്വരകൃതമാണ്. ഇതിൽ പരിവർത്തനം നടത്താൻ ആർക്കും സാദ്ധ്യമല്ല. ഈ മന്ത്രങ്ങളുടെ സംഖ്യ എപ്പോഴും അത്രതന്നെയായിരിക്കും. വേദങ്ങളെ ശ്രുതി എന്നും പറയുന്നു. കാരണം പുരാണകാലത്ത് ഗുരുമുഖത്തുനിന്ന് കേട്ടുകേട്ട് ഇവ പുസ്തകരൂപത്തിലാക്കുകയാണ് ചെയ്തിരിക്കുന്നത്. ആർഷഗ്രന്ഥങ്ങളെന്നു പറയപ്പെടുന്ന ഈശ്വരീയ ജ്ഞാനമായ വേദങ്ങളിൽനിന്നു തന്നെയാണ് എല്ലാവിദ്യകളും ഉത്ഭവിക്കുന്നത്. ഏതുഭാഷയിലാണോ വേദമന്ത്രങ്ങളുള്ളത് ആ ഈശ്വരവാണിയെ ദേവവാണി എന്നു പറയുന്നു. ഇന്നേവരെ വേദമന്ത്രങ്ങൾ കണ്ഠസ്ഥമാക്കുന്നവരുടെ ഒരു പരമ്പരയാണ് തുടർന്നുവരുന്നത്. അതിനാൽതന്നെ ആ മന്ത്ര സംഖ്യകളിൽ യാതൊരു മാറ്റവുംവരുന്നില്ല. ഭാരതത്തിൽ ഇപ്പോഴും വേദങ്ങൾ കണ്ഠസ്ഥമായിട്ടുള്ള ബ്രാഹ്മണരുണ്ട്.

**(ഖണ്ഡശഃ യായി പ്രസിദ്ധീകരിച്ചിരുന്ന ഈ തുടർലേഖനം ഒരു പുസ്തക രൂപത്തിൽ ഉടൻ പ്രസിദ്ധീകരിക്കുന്നതിനാൽ ഈ ലക്കത്തോടെ നിർത്തുന്നു.**

**-പത്രാധിപർ)**

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*



(മുൻ ലക്കത്തിന്റെ തുടർച്ച)

# യോഗദർശനം

## (മഹർഷി വ്യാസഭാഷ്യസഹിതം)

സ്വാമി സത്യപതി പരിവ്രാജക്
തർജ്ജമ : കെ.എം. രാജൻ

### യോഗദർശനത്തിലെ ഈശ്വരസ്വരൂപവും അദ്ദേഹത്തിന്റെ ഉപാസനയുടെ ഫലവും.

ഈശ്വരന്റെ യഥാർത്ഥസ്വരൂപത്തെക്കുറിച്ച് പതഞ്ജലി മഹർഷി തന്റെ യോഗദർശനമെന്ന ഈ ഗ്രന്ഥത്തിൽ വിശദമായി വർണ്ണിച്ചിട്ടുണ്ട്. ആ ഈശ്വരനിൽ സമർപ്പിച്ച് അദ്ദേഹത്തിന്റെ 'ഓം' എന്ന നാമജപം അർത്ഥസഹിതം ചെയ്താൽ ജീവാത്മാവിന് പരമാത്മാവുമായുള്ള സാക്ഷാത്ക്കാരം ലഭിക്കുകയും സർവ്വവിഘ്നങ്ങളും ഇല്ലാതായിത്തീരുകയും ചെയ്യും. അങ്ങനെ പതഞ്ജലി മഹർഷിയുടെ അഭിപ്രായമനുസരിച്ച് സാധകന് ഈശ്വരന്റെ യഥാർത്ഥസ്വരൂപത്തെക്കുറിച്ചറിയാനും അദ്ദേഹത്തിന്റെ മഹത്വത്തെ സർവ്വാത്മനാ സ്വീകരിക്കാനുമാവും. ഈശ്വരന്റെ യഥാർത്ഥ സ്വരൂപമറിയാതെയും അദ്ദേഹത്തിന്റെ ആജ്ഞയനുസരിച്ചു പ്രവർത്തിക്കാതെയും മോക്ഷപ്രാപ്തി ഉണ്ടാവില്ല.

ഈശ്വരനെക്കുറിച്ചും അദ്ദേഹത്തെ എങ്ങനെ ഉപാസിക്കാമെന്നും അതിന്റെ ഫലം എന്തായിരിക്കുമെന്നും യോഗദർശനത്തിൽ വിവരിക്കുന്നുണ്ട്.

1. ക്ലേശകർമ്മവിപാകശൈർപരാമൃഷ്ടഃ പുരുഷവിശേഷഃ ഈശ്വരഃ। (യോഗദർശനം 1.24)
2. തത്രനിരതിശയം സർവ്വജ്ഞ ബീജം॥ (യോഗദർശനം 1.25)
   ഈശ്വരനിൽ അതിശയ സർവ്വജ്ഞതയുടെ ബീജമുണ്ട്. അതായത് മറ്റു ജീവാത്മാക്കളുടെ ജ്ഞാനം ഈശ്വരനു തുല്യമാവില്ല.
3. സ ഏഷ പൂർവ്വേഷാമപി ഗുരുഃ കാലേനനവച്ഛേദാത്।(യോഗദർശനം 1.26)
   ഭൂതം - ഭാവി - വർത്തമാനം എന്നിവയിൽ നിന്നുൽപ്പന്നമാവുന്ന സർവ്വഗുരുക്കന്മാരുടേയും ഗുരുവാണദ്ദേഹം എന്തെന്നാൽ അദ്ദേഹം കാലക്രമത്തിൽ നശിക്കപ്പെടുന്നില്ല.
4. തസ്യ വാചകഃ പ്രണവഃ॥ (യോഗദർശനം 1.27)
   ആ ഈശ്വരന്റെ നാമം പ്രണവമെന്നാണ്.
5. തജ്ജപസ്തദർത്ഥഭാവനമ്॥ (യോഗദർശനം 1.28)
   ആ ഈശ്വരന്റെ നാമമായ ഓം എന്നതിന്റെ ജപവും വീണ്ടും വീണ്ടുമുള്ള ഉച്ചാരണവും ഈശ്വരന്റെ ഗുണകർമ്മസ്വഭാവങ്ങളുടെ ചിന്തനവും ചെയ്യണം.
6. തതഃ പ്രത്യക്ചേതനാധിഗമോഽപ്യന്തരായാഭാവാച്ച। (യോഗദർശനം 1.29)
   ആ ഈശ്വരപ്രണിധാനവും അതിന്റെ അനുഷ്ഠാനവും മൂലം ജീവാത്മ - പരമാത്മാ സാക്ഷാത്ക്കാരം ഉണ്ടാവുകയും എല്ലാ വിഘ്നങ്ങളുടേയും നാശവുമുണ്ടാവുന്നു.

(തുടരും)

*ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)*
*അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും*





(മുൻ ലക്കത്തിന്റെ തുടർച്ച)



# പുരാണങ്ങൾ; സത്യവും മിഥ്യയും

കെ. എം. രാജൻ

അദ്ധ്യായം 2 — പുരാണങ്ങളുടെ സംക്ഷിപ്ത പരിചയം

## 8. അഗ്നിപുരാണം

അഗ്നിദേവന്റെ ശ്രീമുഖത്തിൽനിന്നും വർണ്ണിക്കപ്പെട്ടതായതിനാലാണ് ഈ പുരാണത്തിന് അഗ്നിപുരാണമെന്ന പേര് വന്നത് എന്നു പറയപ്പെടുന്നു. അഗ്നിദേവൻ വസിഷ്ഠ മഹർഷിക്ക് ഈ പുരാണം ചൊല്ലിക്കേൾപ്പിച്ചു.

383 അദ്ധ്യായങ്ങളുള്ള ഈ പുരാണത്തിൽ പരാ-അപരാ വിദ്യകളുടെ വർണ്ണന, മത്സ്യ-കൂർമ്മാവതാരങ്ങളുടെ കഥ, രാമായണത്തിലെ ഏഴുകാണ്ഡങ്ങളുടേയും സംക്ഷിപ്തവിവരണം, ഭഗവാൻ ശ്രീകൃഷ്ണന്റെ വംശവർണ്ണന, മഹാഭാരതത്തിലെ എല്ലാ പർവ്വങ്ങളേയും കുറിച്ചുള്ള സംക്ഷിപ്തവർണ്ണന, സൃഷ്ടിവർണ്ണന, വൃക്ഷായുർവ്വേദം, ഗജചികിത്സ, അശ്വ ചികിത്സ, നാഗങ്ങളുടെ ലക്ഷണങ്ങളും സർപ്പദംശനത്തിനുള്ള ചികിത്സയും, പ്രളയവർണ്ണന, നരകവർണ്ണന, ഭഗവത്ഗീതയുടെ ഭാവാർത്ഥം, യമഗീത, പുരാണങ്ങളുടെ പഠന-പാഠന-ശ്രവണ-ദാനം എന്നിവയുടെ മാഹാത്മ്യം തുടങ്ങിയ വിഷയങ്ങളേക്കുറിച്ച് വർണ്ണിക്കുന്നു.

## 9. ഭവിഷ്യപുരാണം

ഈ പുരാണത്തിൽ നാലു ഖണ്ഡങ്ങളുണ്ട്. ബ്രാഹ്മപർവ്വം, മദ്ധ്യമപർവ്വം, പ്രതിസർഗ പർവ്വം, ഉത്തരപർവ്വം എന്നിവയാണവ. ഇതിൽ അമ്പതിനായിരം ശ്ലോകങ്ങളുണ്ടെന്ന് പറയുന്നുണ്ടെങ്കിലും ഇരുപത്തെട്ടായിരം ശ്ലോകങ്ങളെ ഇപ്പോൾ കാണാനുള്ളു.

സൗരപ്രധാനമായ ഗ്രന്ഥമാണ് ഭവിഷ്യപുരാണം. പഞ്ചദേവന്മാരിൽ സൂര്യന്റെ മഹിമ, സ്വരൂപം, ഉപാസനാപദ്ധതി, അസംഭവമെന്നു കരുതപ്പെടുന്ന വിചിത്ര കഥകൾ എന്നിവയുടെയൊക്കെ വർണ്ണനയുണ്ടിതിൽ. വ്രതം, ഉപാസന എന്നിവയുടെ വിശിഷ്ടപദ്ധതികൾ ഇതിൽ വർണ്ണിക്കുന്നുണ്ട്. അഗ്നിപുരാണത്തിൽ മാത്രമാണ് ഇത്തരത്തിൽ കൂടുതൽ വിവരണം പറയുന്നത്.

രണ്ടായിരം വർഷങ്ങളുടെ ചരിത്രത്തിന്റെ ക്രമപൂർവ്വമായ വർണ്ണനയുണ്ടിതിൽ. നന്ദവംശം മുതൽ ശങ്കരാചാര്യർ, തിമൂർ, ബാബർ, ഹുമയൂൺ, ശിവജി, വിക്ടോറിയ റാണി 1857 ൽ ഭാരതത്തിന്റെ മഹാറാണിയാവുന്ന ചരിത്രമെല്ലാം വർണ്ണിക്കുന്നുണ്ടിതിൽ. ഭാവിയിൽ ഭാരതത്തിൽ ഇംഗ്ലീഷ് ഭാഷ കൂടുതൽ പ്രചാരത്തിൽ വരുമെന്നും സംസ്കൃതത്തിന്റെ പ്രധാന്യം കുറയുമെന്നും പറയുന്നുണ്ടിതിൽ.

(തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*



(മുൻലക്കത്തിന്റെ തുടർച്ച)

# ദ്രൗപദിയും പഞ്ചപതികളും

അമർസ്വാമി സരസ്വതി
തർജ്ജമ: കെ.എം.രാജൻ

**തു**ടർന്ന് യുധിഷ്ഠരൻ രാജാദ്രുപദനോട് ഇങ്ങനെ പറഞ്ഞു.

ദ്രൗപദി ഞങ്ങൾ സഹോദരന്മാരുടെയെല്ലാം പത്നിയായിത്തീരും. ഞങ്ങളുടെ അമ്മ ഞങ്ങൾക്ക് ആദ്യം ഈ ആജ്ഞയാണ് നൽകിയിരിക്കുന്നത്. ഈ രത്നത്തെ ഞങ്ങൾ എല്ലാം ചേർന്ന് അനുഭവിക്കാമെന്ന് നിശ്ചയിച്ചിരിക്കുന്നു. അതിനാൽ ആ നിശ്ചയം മാറ്റാൻ ഇപ്പോളാഗ്രഹിക്കുന്നില്ല. ഇങ്ങനെ അഗ്നി സാക്ഷിയായി ദ്രൗപദിയെ ഞങ്ങൾ പാണിഗ്രഹണം ചെയ്യട്ടെ.

ദ്രുപദൻ പറഞ്ഞു

**ഏകസ്യ ബഹ്വയോ വിഹിതാ മഹിഷ്യഃ കുരുനന്ദനഃ|**
**നൈകസ്യ ബഹവഃ പുംസശ്രൂയനതേ പതയഃ ക്വചിത് ||**
**ലോകവേദവിരുദ്ധം ത്വം നാധർമ്മം ധർമ്മവിച്ഛുചിഃ |**
**കർതുമർഹസി കൗന്തേയ, കസ്മാത് തേ ബുദ്ധിരീദൃശോ ||**

(മഹാഭാരതം ആദിപർവ്വം അദ്ധ്യായം 190, ശ്ലോകം 27-28)

**ഭാവാർത്ഥം :** അല്ലയോ രാജൻ! രാജാവിന് നിരവധി റാണിമാരും ഒരു പുരുഷന് അനേകം പത്നിമാരും ഉണ്ടാവാം എന്നു കേട്ടിട്ടുണ്ട്. എന്നാൽ ഒരു സ്ത്രീക്ക് വളരെയധികം പതിമാർ എന്നതെവിടേയും പറഞ്ഞുകേട്ടിട്ടില്ല. അല്ലയോ കൗന്തേയാ! ഈ ലോകവിരുദ്ധവും വേദവിരുദ്ധവുമായ പ്രവൃത്തി അങ്ങ് ചെയ്യാൻ പാടില്ല. അങ്ങ് ശുദ്ധപവിത്രനും ധർമ്മമറിയുന്നവനുമാണ്. അങ്ങയുടെ ബുദ്ധിക്കെന്തുപറ്റി?

**സൂക്ഷ്മോ ധർമോ മഹാരാജ നാസ്യവിദ്യോ വയം ഗതിമ്**
**പൂർവ്വേഷാനുപൂർവേണ യാതം വത്മാനുയാ മ ഹെ**

(മഹാഭാരതം ആദിപർവ്വം അദ്ധ്യായം 190, ശ്ലോകം 29)

**ഭാവാർത്ഥം:** യുധിഷ്ഠിരൻ പറഞ്ഞു ധർമ്മത്തിന്റെ സ്വരൂപം വളരെ സൂക്ഷ്മമാണ്. നാം അതിന്റെ ഗതിയെ അറിയുന്നില്ല. പണ്ടുകാലത്ത് നമ്മുടെ പൂർവ്വജർ ഏതൊരു കർമ്മമാർഗ്ഗത്തിലാണോ ചരിച്ചിരുന്നത് നമുക്കും ആ മാർഗ്ഗം സ്വീകരിക്കാം.

(തുടരും)

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*





(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം -5



**ശ**രി. എന്റെ കഥയല്ലെ, അത് വളരെ സങ്കീർണ്ണമാണ്. കെട്ടുപിണഞ്ഞതാണ്. അതഴിക്കാൻ വിഷമം വളരെയേറെയുണ്ട്. ചുരുക്കി പറയാം. അതിൽനിന്നൊരു ഔട്ട്ലൈൻ രൂപരേഖകിട്ടും.

പാച്ചൻ എന്നു ചുരുക്കി വിളിക്കപ്പെടുന്ന ഈ പരമേശ്വരനാമധാരി ജനിച്ചതും വളർന്നതും ഒറ്റപ്പാലത്തിനടുത്തുള്ള പാലപ്പുറം ഗ്രാമത്തിലാണ്. തറവാടിന്റെ പേര് കിഴക്കുങ്കര. എനിക്ക് നാലു ജ്യേഷ്ഠന്മാരും രണ്ടു ജ്യേഷ്ഠത്തിമാരുമുണ്ട്. ഒരമ്മക്കു പിറന്ന ഏഴു മക്കൾ. അതിൽ ഏഴാമനാണ് ഞാൻ. ജ്യേഷ്ഠന്മാരുടെ വിവാഹം കഴിഞ്ഞു. അവർ കുടുംബികളായി. ജ്യേഷ്ഠത്തിമാരെ കൊടുത്തുകഴിഞ്ഞു. ആ 4 സഹോദരന്മാരും അവരുടെ ഭാര്യമാരും അമ്മയും മാത്രമായി കുടുംബത്തിലെ ജനസംഖ്യവർദ്ധിച്ചു. തമ്മിൽ അസ്വാരസ്യം കൂടി. ആ സ്വരചേർച്ചയില്ലായ്മ മൗനം വിട്ട് സ്വത്തുസംബന്ധമായ കശപിശയിലും വാക്കേറ്റത്തിലുമെത്തി. അവസാനം കയ്യാങ്കളിയാവുന്നതിനുമുമ്പ് ഭാഗംവെച്ചു പിരിഞ്ഞു. എന്നെ അഞ്ചാം താവഴിയാക്കി. ഒറ്റയാനായി ഞാൻ. എനിക്ക് 18 വയസ്സ്, മേജർ സ്ഥാനം കിട്ടിയെന്നുമാത്രം. അവർ മുട്ടുശാന്തിയും സദ്യശ്രമവും, വാരവും, പൂരവും, കഥകളിയും മറ്റുമായി കാനൽ ചെടിപോലെ മുരടിച്ചുകഴിയുകയായിരുന്നു. ഭാഗവതന്മാരും സംസ്കൃതഭാവം പൂണ്ടവരുമായിരുന്ന പൂർവ്വകരുടെ തനിനിറം ഭാഗംവെക്കുന്ന അവസരത്തിലേ മറനീക്കി പുറത്തു വന്നുള്ളു. കാട്ടിക്കൂട്ടലായിരുന്നു അവരുടെ ഭക്തിയും വിഭക്തിയും വേഷഭൂഷാദികളും മറ്റുമെല്ലാം. ദീപസ്തംഭം മഹാശ്ചര്യം, എനിക്കും കിട്ടണം പണം എന്ന് നമ്പ്യാർ പറഞ്ഞ ഭക്തിയും വിഭക്തിയുമൊക്കെ ആയിരുന്നു അവരുടേത്. ഭാഗത്തിൽ ഏകനാക്കി ഒരമ്പതുരൂപ തന്നു വിട്ടതാണെന്നെ. അതുകൊണ്ട് ഞാനിങ്ങോട്ട് പോന്നു. എന്റെ നാട്ടുകാരായ ചില സ്നേഹിതൻമാരുണ്ടിവിടെ. വന്ന് അൽപ്പനാൾ അവരുടെ കൂടെ തങ്ങി. ഒന്നും നിരീച്ചപോലെ ആയില്ല.

(തുടരും)

*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*
*ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു*